ഉത്തരം

ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നുമാണ് ശമ്പളം നൽകുന്നത്. ശമ്പളം നൽകാനുള്ള അഡ്മിനിസ്ട്രേഷൻ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് 2016 ജനുവരി മാസം വരെ ഗ്രാമവികസന കമ്മീഷണറുടെ ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നും തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡുവിന്റെ അപേക്ഷകൾ (അനുബന്ധ രേഖകൾ സഹിതം) യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ആലത്തൂർ നിയോജക മണ്ഡലത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി

26 (2854) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 2015-16 വർഷത്തിൽ ഇതുവരെ എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച ഏതെങ്കിലും പഞ്ചായത്തുകളുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിച്ചവർക്ക് കൂലി കുടിശ്ശിക നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 377451 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. പഞ്ചായത്ത് തിരിച്ച് കണക്ക് അനുബന്ധം *1 ആയി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. പഞ്ചായത്ത് തിരിച്ച് കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(സി) ഉണ്ട്. പഞ്ചായത്ത് തിരിച്ച് കണക്ക് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly